## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1832 17/12/2012 ൽ മറുപടിക്ക്

## തസ്തികമാറ്റം വഴിയുള്ള എൽ.ഡി.ക്ലർക്ക് നിയമനം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. ബി.സത്യൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) തസ്തികമാറ്റം വഴിയുള്ള എൽ.ഡി. ക്ലർക്ക് നിയമനത്തിനായി തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള പി. എസ്.സി റാങ്ക് ലിസ്റ്റിൽ ഏത് റാങ്ക് വരെയുള്ളവർക്കാണ് നിയമനം ലഭിച്ചിട്ടുള്ളത്; ഇനി എത്ര പേരാണ് ലിസ്റ്റിൽ അവശേഷിക്കുന്നത്; വിശദമാക്കാമോ; | (എ) തിരുവനന്തപുരം ജില്ലയിൽ എൽ.ഡി. ക്ലാർക്ക് തസ്തികമാറ്റം മുഖേന നിയമനത്തിനായി നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് 81-ാം റാങ്ക് വരെയുള്ള ഉദ്യോഗാർത്ഥികളെ ഇതിനോടകം നിയമന ശിപാർശ ചെയ്തിട്ടുണ്ട്. ടി ലിസ്റ്റിൽ നിയമന ശിപാർശക്കായി 1256 ഉദ്യോഗാർത്ഥികൾ അവശേഷിക്കുന്നുണ്ട്. |
| (ബി) തസ്തികമാറ്റം വഴി എൽ.ഡി. ക്ലർക്ക് നിയമനം നൽകാൻ സ്വീകരിക്കുന്ന സംവരണക്രമം വിശദമാക്കാമോ ? | (ബി) 05.04.2010-ലെ G.O(P)12/2010/P&ARD നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത തസ്തികയിലേക്ക് റിപ്പോർട്ടു ചെയ്യുന്ന പുതിയ ഒഴിവുകളിൽ (fresh vacancies) 10% ഒഴിവുകളിലാണ് താഴ്ന്ന ശമ്പള സ്കെയിലിലുള്ള ജീവനക്കാരെ ശിപാർശ ചെയ്യുന്നത്. 100 ഒഴിവുകളിൽ 10, 20, 30, 40, 50, 60, 70, 80, 90, 100 എന്നീ സ്ഥാനക്രമത്തിലാണ് . ഇപ്പോൾ തസ്തിക മാറ്റം മുഖേന നിയമന ശിപാർശ നൽകുന്നത്. തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് KS&SSR Part II-ലെ 14 മുതൽ 17 വരെയുള്ള സംവരണ റൊട്ടേഷൻ ചട്ടങ്ങൾ ബാധകമല്ല. |

സെക്ഷൻ ഓഫീസർ